ഉത്തരം

(എ) ഷോളയൂർ സൊസൈറ്റി 25-10-2014 -ൽ സമർപ്പിച്ച പദ്ധതിപ്രകാരം 2.85 ലക്ഷം രൂപ ഈ സാമ്പത്തികവർഷം അനുവദിച്ചിട്ടുണ്ട്.

(ബി) ചാലക്കുടിയിൽ വനവിഭവങ്ങളുടെ വിൽപ്പനശാല ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

ചാലക്കുടി നായരങ്ങാടിയിലെ മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ ഗ്രൗണ്ട്, സ്റ്റേഡിയം നിർമ്മാണം

262 (4253) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി നായരങ്ങാടിയിലെ മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ ഗ്രൗണ്ട് നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിനും സ്റ്റേഡിയം നിർമ്മിക്കുന്നതിനുമുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

ഉണ്ട്. സ്കൂളിനോട് ചേർന്ന് കിടക്കുന്ന 2.0236 ഹെക്ടർ വനഭൂമി സ്കൂളിന്റെ കളിസ്ഥലത്തിനായി വിട്ടുകിട്ടുന്നതിന് 1980-ലെ വനസംരക്ഷണ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. വനം വകുപ്പ് മുഖേന കേന്ദ്ര ഗവൺമെന്റിൽ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി

263 (4254) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009 ജൂലൈ 21- ാം തീയതി (സിവിൽ അപ്പീൽ 104, 105 of 2001) പുറപ്പെടുവിച്ച വിധിപ്രകാരം ഭൂരഹിതരായ ആദിവാസികൾക്ക് എത്ര ഭൂമി ആവശ്യം ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ആദിവാസികൾക്ക് എത്ര ഭൂമി നൽകിയിട്ടുണ്ട്; നല്ലാനായി സർക്കാരിന്റെ കൈവശം എത്ര ഭൂമി ഉണ്ട്; എത്ര അപേക്ഷകൾ ഇതുവരെകിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ആദിവാസികളായ അപേക്ഷകരുടെ എണ്ണവും അവർക്ക് നൽകാനാവശ്യമായ ഭൂമിയുടെ വിസ്തീർണ്ണവും (സർക്കാർ കണ്ടെത്തിയതും ആവശ്യമായതുമായ) ജില്ല തിരിച്ച് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിപ്രകാരം കേരളത്തിലെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്ര പരിസ്ഥിതി-വനംവകുപ്പ് 19002.26 ഏക്കർ ഭൂമി അനുവദിച്ചുതന്നിട്ടുണ്ട്. ഇത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) റവന്യൂ വകുപ്പിൽനിന്ന് ലഭ്യമായ കണക്കുപ്രകാരം 206.48 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്. സർക്കാരിന്റെ കൈവശം 19002.26 ഏക്കർ ഭൂമിയുണ്ട്. 2606 അപേക്ഷകൾ ഇതുവരെ കിട്ടിയിട്ടുണ്ട്.

(സി) ജില്ല തിരിച്ചുള്ള അപേക്ഷകരുടെ എണ്ണവും ഭൂമിയുടെ വിസ്തീർണ്ണവും അനുബന്ധമായി ചേർക്കുന്നു.*

സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം

264 (4255) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കലോൽത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ഡി) ഏത് വർഷം മുതലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലില്ല. എന്നാൽ സംസ്ഥാന /ജില്ലാതല സ്കൂൾ കലാ/കായിക മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് പ്രോത്സാഹന അവാർഡ് നൽകുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly